Web 5465/29/11

29/11

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വാളകം ഗ്രാമപഞ്ചായത്ത് - പൊതു ശ്മശാനത്തിലേയ്ക്കുള്ള റോഡ് നിർമ്മാണം - വാളകം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 13 സെന്റ് സ്ഥലം പൊന്നുംവിലയ്ക്കെടുക്കൽ - അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 4153/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, നവംബർ 27, 2008.

പരാമർശം:
1. വാളകം ഗ്രാമപഞ്ചായത്തിന്റെ 29-10-2008-ലെ 3 (2)-ാം നമ്പർ തീരുമാനം.
2. വാളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30-10-2008, 15-11-2008 എന്നീ തീയതികളിലെ സി1-162/07 നമ്പർ കത്തുകൾ.

ഉത്തരവ്

എറണാകുളം ജില്ലയിലെ വാളകം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റെയും പരാമർശം (2)-ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ, പൊതു ശ്മശാനത്തിലേയ്ക്കുള്ള റോഡ് നിർമ്മിക്കുന്നതിനായി, മൂവാറ്റുപുഴ താലൂക്കിൽ വാളകം വില്ലേജിലെ 273/1എ; 273/21. 273/15 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 13 സെന്റ് സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നും അക്വയർ ചെയ്യുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല എന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ വാളകം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.മധുസൂദനൻ പിള്ള,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്, വാളകം ഗ്രാമപഞ്ചായത്ത്, എറണാകുളം.
ജില്ലാ കളക്ടർ, എറണാകുളം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.